(ബി) ഈ മീറ്റിൽ പങ്കെടുത്ത ഏജൻസികൾ ഏതെല്ലാം ; എത്ര ആളുകൾ പങ്കെടുത്തു എന്ന് വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളാണ് ഈ മീറ്റിൽ പങ്കെടുത്തത് ;

(ഡി) ഈ പരിപാടി സംഘടിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാരിന് എന്തു തുക ചെലവായി എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുവാനും വിദേശ സർവ്വകലാശാല സ്ഥാപനങ്ങളുമായി സംസ്ഥാനത്തെ സർവ്വകലാശാലകൾക്കും സ്ഥാപനങ്ങൾക്കും സഹകരണം ഉണ്ടാക്കാനും സാമൂഹ്യനീതിയിലും തുല്യതയിലും, സുതാര്യതയിലും അടിസ്ഥാനപ്പെടുത്തി അർഹമായവർക്കെല്ലാം ഉന്നത വിദ്യാഭ്യാസം നൽകുന്നതിനുള്ള നയം ആവിഷ്ക്കരിക്കാനും നടപ്പാക്കാനും വിദേശ വിദ്യാർത്ഥികളെ ആകർഷിക്കുവാനും ഉന്നത വിദ്യാഭ്യാസരംഗം മെച്ചപ്പെടുത്തുവാനുമുള്ള നിർദ്ദേശങ്ങൾ ക്രോഡീകരിക്കുവാൻ കഴിഞ്ഞു. അവ നടപ്പിലാക്കുവാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.

(ബി) ആകെ 599 പ്രതിനിധികൾ പങ്കെടുത്തു. വിദേശ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) യു.എസ്.എ., യു. കെ., യു.എ.ഇ., ടാൻസാനിയ, ശ്രീലങ്ക, സ്പെയിൻ, ഫിലിപ്പൈൻസ്, പാലസ്തീൻ, ഒമാൻ, നെതർലാന്റ്സ്, മൊസാംബിക്, മലേഷ്യ, കെനിയ, ഇറാൻ, ഹംഗറി, ഫ്രാൻസ്, കാനഡ, ബെൽജിയം, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളുടെ പ്രതിനിധികൾ മീറ്റിൽ പങ്കെടുത്തു.

(ഡി) സർക്കാർ 1.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അന്തിമ ചെലവ് കണക്കാക്കിയിട്ടില്ല.

ആഗോള വിദ്യാഭ്യാസ മേളയിൽ ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങൾ

13 [1114] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ സംഘടിപ്പിക്കുന്ന ആഗോള വിദ്യാഭ്യാസ മേളയിൽ ഏതൊക്കെ വിഷയങ്ങളാണ് ചർച്ച ചെയ്യപ്പെടുന്നത് ;

(ബി) ഈ മേളയിൽ അവതരിപ്പിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച് സംസ്ഥാനത്തെ വിദ്യാഭ്യാസ വിദഗ്ധരുമായി ചർച്ച നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) കേരള സർക്കാരിന്റെ വിദ്യാഭ്യാസ കാഴ്ചപ്പാട് മേളയിൽ അവതരിപ്പിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്താണ് ;

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എത്ര വിദേശ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ മേളയിൽ പങ്കെടുക്കുന്നുണ്ട് ;

(ഇ) ഈ മേളയുടെ നടത്തിപ്പിനുവേണ്ടി എന്തു തുക ചെലവായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അക്കാദമിക സ്വയംഭരണം, ഉന്നത വിദ്യാഭ്യാസത്തിനുള്ള ചെലവ്, ഉന്നത വിദ്യാഭ്യാസ രംഗത്തെ നിലവാരം, സാമൂഹ്യനീതിയും അവസരവും, വിജ്ഞാനം സൃഷ്ടിക്കലും ഗവേഷണ പ്രവർത്തനങ്ങളും എന്നിവയാണ് ചർച്ച ചെയ്തത്.

(ബി) ഉണ്ട്.

(സി) ഉണ്ട്. സംഗമത്തിൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ ദീർഘകാല ലക്ഷ്യത്തോടെ മാറിയ കാലത്തിന് അനുസൃതമായ രീതിയിൽ സാമൂഹ്യനീതിയും തുല്യതയും സുതാര്യതയും അടിസ്ഥാനമാക്കി രാഷ്ട്രാന്തരീയ ഗുണനിലവാരമുള്ള ഉന്നത വിദ്യാഭ്യാസം കേരളത്തിലെ കുട്ടികൾക്ക് ഉറപ്പ് വരുത്തുന്നതിനുള്ള നയം ആവിഷ്കരിക്കുക എന്നതാണ് സർക്കാർ കാഴ്ചപ്പാട്.

(ഡി) മേളയിൽ പങ്കെടുത്ത വിദേശ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഇ) സർക്കാർ 1.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അന്തിമ ചെലവ് കണക്കാക്കി വരുന്നു.

ആഗോള വിദ്യാഭ്യാസ സംഗമം

14 [1115] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള വിദ്യാഭ്യാസ സംഗമം നടത്തുന്നതിനെപ്പറ്റി ഗവൺമെന്റും കൊച്ചി യൂണിവേഴ്സിറ്റിയും എന്നാണ് ആദ്യ തീരുമാനം എടുത്തത് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സംഗമത്തിൽ യു. കെ., യു.എസ്, ജപ്പാൻ, കാനഡ, ജർമ്മനി, ഫ്രാൻസ്, ആസ്ട്രേലിയ, നെതർലാന്റ് എന്നീ വിദേശ രാജ്യങ്ങളിൽ ഏതിന്റെയെല്ലാം പങ്കാളിത്തവും സാന്നിദ്ധ്യവും സഹകരണവും ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) മുൻപ് ഇൻഡ്യയിലെ മികച്ച ബിസിനസ് സ്കൂളുകളിൽ ഒന്നായിരുന്ന കൊച്ചി സർവ്വകലാശാല മാനേജ്മെന്റ് സ്ഥാപനത്തിന്റെ ഇപ്പോഴത്തെ അഖിലേന്ത്യാ തലത്തിലുള്ള ഗുണനിലവാരം (റാങ്ക്) എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ആഗോള വിദ്യാഭ്യാസ സംഗമത്തിനായി മൊത്തം എത്ര തുക ചെലവഴിച്ചുവെന്നും അതിനായി സർവ്വകലാശാല എത്ര തുക ചെലവഴിച്ചുവെന്നും സംസ്ഥാന സർക്കാർ വിഹിതം എത്രയാണെന്നും പുറത്തുനിന്നുള്ള സഹായം എത്രയാണെന്നും വെളിപ്പെടുത്തുമോ ?

† അനുബന്ധം IV

GPM. 2/154/2013—8

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം—IV

17-2-2006-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 12 [1113], 13 [1114] എന്നിവയുടെ ഉത്തരങ്ങൾ കാണുക

LIST OF FOREIGN UNIVERSITIES

Sl. No.	*Vation*	*University/Institution*
1	United States of America	Purdue University
2	United Kingdom	North East Wales Institute of Higher Education
3	United Kingdom	Leicester Business School
4	Tanzania	Mzumbe University
5	Srilanka	University of Peradeniya
6	Srilanka	Eastern University
7	Spain	ESADE Business School
8	Philippines	Cagayan State University
9	Oman	Sultan Qaboos University
10	Netherlands	University Van Tilberg
11	Mozambique	Eduardo Mondlane University
12	Iran	Ferdowsi University of Mashhad
13	Hungary	Elte Btk University
14	France	ESADE Barcelona
15	Canada	University of Alberta
16	Belgium	KATHO-IPSOC
17	Bangladesh	International University of Business Agriculture & Technology

LIBRARY ARCHIVES Kerala Legislative Assembly